**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4943** **01-11-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ കരിയർ ഗൈഡൻസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ്, സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽനൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ്സ്കില്ലുകളും ഇംഗ്ലീഷ് ഭാഷപരിജ്ഞാനവും വർധിപ്പിക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്നതിനും തൊഴിൽ പരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെകുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന കരിയർ ഗൈഡൻസ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ബി) ആലപ്പുഴ നിയോജക മണ്ഡലത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന കരിയർ ഗൈഡൻസ് സെന്റർ പ്രവർത്തിക്കുന്നില്ല. എന്നാൽ ആലപ്പുഴ ജില്ലയിലെ കായകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ കരിയർ ഡവലപ്മെന്റ് സെന്ററിന്റെ സേവനം ആലപ്പുഴ ജില്ലയിലെ എല്ലാ ഉദ്യോഗാർത്ഥികൾക്കും സൗജന്യമായി ലഭിക്കുന്നതാണ് |
| (സി) | ആലപ്പുഴ മണ്ഡലത്തിൽ തൊഴിൽ നൈപുണ്യ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | സി) നിലവിൽ ആലപ്പുഴ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ